പകരം വോളന്ററി ഗ്രാമീണ സേവനം എന്ന വ്യവസ്ഥ കൊണ്ടുവന്നിരുന്നു. ആയതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 12-5-2015-ലെ സ.ഉ. (എംഎസ്)നമ്പർ 100/ 2015/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജില്ലകളിൽനിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് മെഡിക്കൽ ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

ഞാറയ്ക്കൽ സർക്കാർ ആശുപത്രിക്ക് പുതിയ കെട്ടിടം

51 (T4854) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഞാറയ്ക്കൽ സർക്കാർ ആശുപത്രിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ജില്ലയിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് എന്നാണ് ഭരണാനുമതി നൽകിയതെന്നും തുടർന്ന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും, ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടെങ്കിൽ ആയത് എന്തെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ടി ആശുപത്രിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ജില്ലയിൽനിന്നും അഞ്ച് കോടി രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ജില്ലയിൽ നിന്നും എസ്റ്റിമേറ്റ് ആരോഗ്യവകുപ്പ് ഡയറക്ടർമുഖേന ലഭിച്ചാൽമാത്രമേ ഭരണാനുമതി നൽകാനാകൂ. ആയത് ലഭിച്ചിട്ടില്ല.

സർക്കാർ ആയുർവേദ ഡിസ്പെൻസറികൾ

52 (4855) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആയുർവേദ ഡിസ്പെൻസറികളുടെ സേവനം ലഭ്യമല്ലാത്ത എത്ര പഞ്ചായത്തുകൾ സംസ്ഥാനത്ത് നിലവിലുണ്ട് ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ സർക്കാർ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ഭാരതീയ ചികിത്സാ വകുപ്പിൽനിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന് അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാർ ആയുർവേദ ഡിസ്പെൻസറികളുടെയോ എൻ.ആർ.എച്ച്.എം. ആയുർവേദ ആശുപത്രികളുടെയോ സേവനം ലഭ്യമല്ലാത്ത 4 പഞ്ചായത്തുകൾ സംസ്ഥാനത്ത് നിലവിലുണ്ട്. സർക്കാർ ആയുർവേദ ഡിസ്പെൻസറികളില്ലാത്ത 167 പഞ്ചായത്തുകളിൽ എൻ.ആർ.എച്ച്.എം. ആയുർവേദ ഡിസ്പെൻസറികളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ സർക്കാർ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടർ 10-7-2015-ൽ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

സർക്കാർ ആശുപത്രികളുടെ എണ്ണം

53 (4856) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ആശുപത്രികളിൽ ഉള്ള ഫാർമസിസ്റ്റ്, ലബോറട്ടറി ടെക്നീഷ്യൻ എന്നീ തസ്തികളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(സി) തിരുവനന്തപുരം ദന്തൽ കോളേജിൽ ഫാർമസിസ്റ്റ് തസ്തിക ഉണ്ടോ ; നിലവിൽ ഫാർമസിസ്റ്റ് ജോലി ചെയ്യുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത കോളേജിൽ മരുന്നുകളുടെ ഇന്റന്റ് തയ്യാർ ചെയ്യുന്നതും സ്റ്റോക്ക് സൂക്ഷിച്ചുവിതരണം ചെയ്യുന്നതും ആരാണ് ; വ്യക്തമാക്കുമോ ;

(ഇ) സർക്കാർ ആശുപത്രികളിൽ ഫാർമസിസ്റ്റ്, ലബോറട്ടറി ടെക്നീഷ്യൻ എന്നിവരുടെ തസ്തിക വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കും ?

LIBRARY ARCHIVES Kerala Legislative Assembly